പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **1353** 13.12.2012-ൽ മറുപടിയ്ക്ക്

## ആധാരങ്ങളുടെ അണ്ടർ വാല്യുവേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. തിലോത്തമൻ ;** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 1986 നു ശേഷം നടന്നിട്ടുള്ള ആധാരങ്ങൾക്ക് അണ്ടർ വാല്യൂ-വേഷന്റെ പേരിൽ കക്ഷികളിൽ നിന്നും തുക ഈടാക്കി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം തുക നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ)ആധാരങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് വില കുറച്ച് കാണിച്ച ആധാരങ്ങളിന്മേൽ, കേരള മുദ്ര പത്ര നിയമം 45 ബി വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച അണ്ടർ വാല്യുവേഷൻ കേസുകളിൽ, 1986 മുതൽ പെൻഡിംഗ് ആയ കേസുകൾ ഉൾപ്പെടുത്തി, 25/8/2012 ലെ ജി.ഒ. (പി)151/2012/റ്റിഡി നമ്പർ പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നിലവിൽ വന്നിട്ടുള്ളതും, ടി പദ്ധതി പ്രകാരം കക്ഷികളിൽ നിന്നും കുറവ് തുക ഈടാക്കി വരുന്നതുമാണ്. ആയതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു. |

| നം | വിസ്തീർണ്ണം | കോർപ്പറേഷൻ | മുൻസിപ്പാലിറ്റി | പഞ്ചായത്ത് |
|---|---|---|---|---|
| 1 | 5സെന്റ് വരെയുള്ള കൈമാറ്റ-ങ്ങൾ | 2000 രൂപ | 1000 രൂപ | മൊത്തമായും ഒഴി-വാക്കിയിരി-ക്കുന്നു. |
| 2 | 5 സെന്റിന് മുകളിൽ 10 സെന്റ് വരെ | 5000 രൂപ | 3000 രൂപ | 1000 രൂപ |
| 3 | 10 സെന്റിന് മുകളിൽ 50 സെന്റ് വരെ | 10000 രൂപ | 5000 രൂപ | 2000 രൂപ |
| 4 | 50 സെന്റിന് മുകളിൽ | നേരത്തെ അടച്ച | നേരത്തെ അടച്ച മുദ്ര | നേരത്തെ അടച്ച മുദ്ര വിലയുടെ |

| | | | | |
|---|---|---|---|---|
| | | മുദ്ര വിലയുടെ 6%, അല്ലെങ്കിൽ 12,000/- രൂപ, ഏതാണോ കൂടുതൽ അത്. | വിലയുടെ 4%, അല്ലെങ്കിൽ 7,000/- രൂപ, ഏതാണോ കൂടുതൽ അത്. | 2%, അല്ലെങ്കിൽ 3,000/- രൂപ, ഏതാണോ കൂടുതൽ അത്. |

മേൽ പ്രസ്താവിച്ച നിരക്കിൽ കുറവ് മുദ്രവില അടയ്ക്കാവുന്നതാണ്. കുറവ് രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഒരേ ആധാരത്തിനു തന്നെ തുക അടച്ചതിനു ശേഷവും അണ്ടർ വാല്യൂ വേഷൻെറ പേരിൽ വീണ്ടും കക്ഷികൾ ക്ക് നോട്ടീസ് അയച്ച് ബുദ്ധിമുട്ടുണ്ടാക്കുന്നതു സംബന്ധിച്ച പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇപ്രകാരം സംഭവിക്കുന്നത് എന്തു കൊണ്ടാണെന്നു വ്യക്തമാക്കുമോ? | (ബി) രജിസ്ട്രേഷൻ സമയത്ത് ആധാരങ്ങളിൽ വില കുറച്ച്വെച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ട സംഗതികളിൽ, ആയത് മൂലം മുദ്രവില, രജിസ്ട്രേഷൻഫീസ് ഇനങ്ങളിൽ സർക്കാരിനുണ്ടാകുന്ന റവന്യൂ നഷ്ടം ഈടാക്കുന്നതിനു വേണ്ടിയാണ് കേരള മുദ്ര പത്ര നിയമം 45 ബി പ്രകാരം അണ്ടർ വാല്യൂവേഷൻ നടപടികൾ സ്വീകരിക്കുന്നത്, ആയതിനെതിരെ പരാതിയുള്ള പക്ഷം ടി നിയമം 45 ബി (4) വകുപ്പനുസരിച്ച്, ജില്ലാ കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. ടി നിയമം 45 ബി വകുപ്പനുസരിച്ച് ആധാരങ്ങളിൽ യഥാർത്ഥ വിലകുറച്ചു വച്ച് മുദ്രവില വെട്ടിക്കുന്ന സംഗതികളിൽ മാത്രമാണ് മേൽപ്രകാരം നടപടി സ്വീകരിക്കുന്നത്.<br>1986 മുതലുള്ള അണ്ടർ വാല്യൂവേഷൻ കേസുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ചില കേസുകളിൽ അണ്ടർ വാല്യൂവേഷൻ പ്രകാരം കുറവ് തുക അടച്ച കക്ഷികൾക്കും ക്ളറിക്കൽ തെറ്റ്മൂലം വീണ്ടും നോട്ടീസ് അയയ്ക്കാൻ ഇടയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ